# ജറുസലേം ദൈവരാജ്യം



2023 ഏപ്രിൽ 7 വാല്യം 10 ലക്കം 7


# നിത്യതയുടെ സന്തോഷം





പട്ടത്തച്ചൻ

''എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്ത് കൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്ത് തന്നത്'' (മത്താ 25:40). സ്നേഹം, നീതി, കാരുണ്യം ഇതാണ് ക്രൈസ്തവജീവിതം. എന്തു മാത്രം സ്നേഹിക്കാനും കരുണ കാണിക്കാനും നമ്മൾ തയ്യാറാകുന്നോ അതിനനുസരിച്ചാണ് സ്വർഗ്ഗവും നരകവും നമ്മുടെ മുന്നിലെത്തുന്നത്. ജീവിച്ചിരിക്കുമ്പോൾ സ്വർഗ്ഗ നരകത്തെക്കുറിച്ച് ചിന്തിച്ച് ജീവിതത്തെ നമ്മൾ ക്രമപ്പെടുത്തണം. ജീവിച്ചിരിക്കുമ്പോൾ പുണ്യവും പുണ്യവഴികളുമാണ് നാം തിരഞ്ഞെടുക്കുന്നതെങ്കിൽ മരണശേഷം അതിന്റെ ഉത്തവസ്ഥാനമായ സ്വർഗ്ഗമായിരിക്കും നമുക്ക് ലഭിക്കുക. മരണത്തിനപ്പുറത്ത് ഒരു ജീവിതമുണ്ട്. അതുകൊണ്ട് സ്വർഗ്ഗത്തിൽ നിക്ഷേപങ്ങൾ കരുതിവയ്ക്കുക. ''സ്വർഗ്ഗരാജ്യം ബലപ്രയോഗത്തിന് വിഷയമായിരിക്കുന്നു. ബലവാന്മാർ അത് പിടിച്ചെടുക്കുന്നു'' (മത്താ 11:12). ആത്മീയശക്തി ഉപയോഗിച്ച് സ്വർഗ്ഗം പിടിച്ചെടുക്കാൻ ഈശോ നമ്മെ നിർബന്ധിക്കുന്നു. മരണശേഷം എവിടെയായിരിക്കണമെന്ന് ജീവിച്ചിരിക്കുമ്പോഴെ തിരഞ്ഞെടുക്കുക. അതനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുക. സ്വർഗ്ഗത്തിലേയ്ക്ക് തിരിഞ്ഞ് നിൽക്കുന്ന ഒരു വ്യക്തിയും കുടുംബവും സമൂഹവും ആയിരിക്കട്ടെ നമ്മുടേത്.

ജീവിതത്തെ നമ്മൾ എങ്ങനെ നോക്കിക്കാണണം എന്ന് ചിന്തിച്ചാൽ ഒന്നാമതായി, നിത്യതയുടെ കണ്ണുകളിലൂടെ നമ്മൾ നോക്കിക്കാണണം. മഹത്വത്തിന്റെ ഒളിമങ്ങാത്ത (1 പത്രോസ് 5:4) ജീവന്റെ കിരീടത്തിനായി നമ്മൾ ജീവിക്കണം. രണ്ടാമതായി, കുടുംബത്തിന്റെ കണ്ണുകളിലൂടെ നമ്മൾ നോക്കിക്കാണണം. സ്നേഹത്തിലധിഷ്ഠിതമാണ് കുടുംബജീവിതം. സ്നേഹം പടിയിറങ്ങിപ്പോയാൽ കുടുംബം കുടുംബമേ അല്ല. ''കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല. അവിടുത്തെ കാരുണ്യം അവസാനിക്കുന്നുമില്ല''. അസ്തമിക്കാത്ത, അവസാനിക്കാത്ത സ്നേഹം നമ്മിൽ പൂത്ത് വിരിയട്ടെ. മൂന്നാമതായി, സഭയുടെ കണ്ണുകളിലൂടെ നാം നോക്കിക്കാണണം. ''മരണം വരെ വിശ്വസ്തരായിരിക്കുക'' (വെളി 2:10). ''വിശ്വസ്തതയോടെ പെരുമാറുന്നവൻ ദൈവത്തെ സന്തോഷിപ്പിക്കുന്നു'' (സുഭാ 12:22).

നാലാമതായി, വചനത്തിന്റെ കണ്ണുകളിലൂടെ നോക്കിക്കാണുക. ''നിങ്ങൾ ജീവന്റെ വചനത്തെ മുറുകെപ്പിടിക്കുവിൻ. അപ്പോൾ ഞാൻ ഓടിയതും അധ്വാനിച്ചതും വ്യർത്ഥമായില്ലെന്ന് ക്രിസ്തുവിന്റെ ദിനത്തിൽ എനിക്കഭിമാനിക്കാം'' (ഫിലി 2:16). അഞ്ചാമതായി, പരസ്നേഹത്തിന്റെ കണ്ണുകളിലൂടെ നോക്കിക്കാണുക. ''ശത്രുവിന് വിശക്കുമ്പോൾ ആഹാരവും ദാഹത്തിന് ജലവും കൊടുക്കുക. അത് അവന്റെ തലയിൽ പശ്ചാത്താപത്തിന്റെ തീക്കനൽ കൂട്ടും. കർത്താവ് നിനക്ക് പ്രതിഫലം നൽകുകയും ചെയ്യും'' (സുഭാ 25:21).

മണ്ണിൽനിന്ന് കണ്ണുകളെടുത്താലേ വിണ്ണിലേയ്ക്ക് കണ്ണുകൾ ഉയർത്താൻ സാധിക്കൂ. പിശാച് വെച്ച്നീട്ടുന്ന മോഹങ്ങളോട് നോ പറഞ്ഞ് നിത്യതയുടെ സന്തോഷങ്ങൾ നമുക്ക് ഏറ്റുവാങ്ങാം. ഉയിർപ്പിന്റെ സന്തോഷത്തിലേയ്ക്ക് പ്രവേശിയ്ക്കാം.


4th GGM
(GREAT GATHERING OF MISSION)
International
MISSION
CONGRESS

മിഷനെ അറിയുക, സ്നേഹിക്കുക, വളർത്തുക ...

ഫിയാത്ത് മിഷൻ സംഘടിപ്പിക്കുന്ന

4–ാമത് മിഷൻ കോൺഗ്രസ്

2023 ഏപ്രിൽ 19–23

ജറുസലേം ധ്യാനകേന്ദ്രം, തൃശൂർ

**മിഷൻ എക്സിബിഷൻ** – ഏപ്രിൽ 19 മുതൽ 23 വരെ എല്ലാ ദിവസവും – അഖിലേന്ത്യാതലത്തിൽ, മിഷൻ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന വിവിധ മിഷൻകേന്ദ്രങ്ങൾ തങ്ങളുടെ മിഷനെ പരിചയപ്പെടുത്തുന്ന സ്റ്റാളുകളോടുകൂടിയ അതിവിപുലമായ എക്സിബിഷൻ.

**മിഷൻ ധ്യാനം** – ഏപ്രിൽ 19 മുതൽ 23 വരെ – മിഷനെക്കുറിച്ച് കൂടുതൽ അറിയാൻ ആഗ്രഹമുള്ളവർക്കായി മലയാളത്തിലും ഇംഗ്ലീഷിലും സംഘടിപ്പിക്കുന്ന മിഷൻ ധ്യാനം.

**പ്രീസ്റ്റ് റിട്രീറ്റ്** – ഏപ്രിൽ 19 മുതൽ 23 വരെ – ലോകപ്രശസ്തധ്യാനഗുരുവായ ഫാ. ജുസപ്പെ ദെ നാർദിയും സംഘവും (Koinonia John the Baptist, Israel) നയിക്കുന്ന വൈദികധ്യാനം

**മെഗാ മിഷൻ ഡേ** – ഏപ്രിൽ 21 വെള്ളി – ഷംഷാബാദ് മിഷൻ രൂപത മെത്രാൻ അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവിന്റെ നേതൃത്വത്തിൽ എല്ലാവരും ഒരുമിച്ചു കൂടുന്ന മിഷൻ സംഗമം.

**മ്യൂസിക്കൽ നൈറ്റ് വിജിൽ** – ഏപ്രിൽ 21 വെള്ളി – 'മാഗ്നിഫിക്കാത്ത് കൊച്ചി' നേതൃത്വം നൽകുന്ന സംഗീതസാന്ദ്രമായ ജാഗരണപ്രാർത്ഥന

**മീറ്റ് ദ ബിഷപ്പ്** വിവിധ റീത്തുകളിലുള്ള പിതാക്കന്മാരുമായി തുറന്ന് സംസാരിക്കാൻ അവസരം

**മിഷൻ അവാർഡ് സെറിമണി, കൾച്ചറൽ എക്സ്ചേഞ്ച്**

മറ്റനേകം പരിപാടികൾ....

ഏപ്രിൽ 19 ബുധൻ
സെമിനാരിക്കാർക്കും സിസ്റ്റേഴ്സിനുമുള്ള വ്യത്യസ്ത കൂട്ടായ്മകൾ 9 AM - 2 PM

ഏപ്രിൽ 20 വ്യാഴം
വൈദികർക്കും അത്മായമിഷനറിമാർക്കും വ്യത്യസ്ത കൂട്ടായ്മകൾ 9 AM - 2 PM
നോർത്ത് ഈസ്റ്റിൽ നിന്നുള്ള മ്യൂസിക് ബാൻഡ് 4 PM - 6 PM

ഏപ്രിൽ 22 ശനി
തറയിൽ പിതാവ് നയിക്കുന്ന, കാറ്റികിസം അധ്യാപക കൂട്ടായ്മ. 9 AM - 2 PM
കാറ്റികിസം വിദ്യാർത്ഥി കൂട്ടായ്മ 9 AM - 2 PM
യുവജനകൂട്ടായ്മ 2 PM - 5 PM
ഒറീസയിൽ നിന്നുള്ള മ്യൂസിക് ബാൻഡ്

ഏപ്രിൽ 23 ഞായർ
ഹിന്ദിഭാഷക്കാർക്കുള്ള കൂട്ടായ്മ. 9 AM - 2 PM
വലിയകുടുംബങ്ങളുടെ കൂട്ടായ്മ 9 AM - 2 PM
റിട്ടയേർഡ് ആയവരുടെ കൂട്ടായ്മ 2 PM - 5 PM
മിഷൻ അവാർഡ് സെറിമണി















20–ൽ പരം അഭിവന്ദ്യ പിതാക്കന്മാരുടെ മഹനീയ സാന്നിദ്ധ്യം...

സാധാരണക്കാരായ സഭാമക്കൾക്ക് ഉൾപ്പെടെ എല്ലാവർക്കും മിഷൻ അവബോധം നൽകുവാനായി നടത്തുന്ന മിഷൻ കോൺഗ്രസിലെ (മലയാളം മിഷൻ ധ്യാനമൊഴികെ) എല്ലാ പരിപാടികളും

സൗജന്യം
എവർക്കും സ്വാഗതം

കൂടുതൽ വിവരങ്ങൾക്ക്

Fiat Mission

8893553035
8943213035



"ഓരോരുത്തരുടെയും അറ്റകുറ്റങ്ങളും കുറവുകളും നിങ്ങൾ പരസ്പരം ക്ഷമിക്കുക."



# യേശുക്രിസ്തു ഇന്നും ജീവിക്കുന്നു.

**യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരേ ആൾതന്നെയാണ്.** (ഹെബ്രായർ 13: 8)

## ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു. നീ എന്റേതാണ്.



**ഷൈല,** W/o ടി. വി. ജോയ്,
തണ്ടേയ്യക്കൽ ഹൗസ്, കല്ലേറ്റുംകര

ഏശയ്യാ 43:1 തിരുവചനം ഇപ്രകാരമാണ്: ''ഭയപ്പെടേണ്ട, ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു. പേരു ചൊല്ലി വിളിച്ചിരിക്കുന്നു. നീ എന്റേതാണ്.'' പേര് ചൊല്ലി വിളിച്ച് എന്റെ മകനെ സൗഖ്യപ്പെടുത്തിയ ഈശോയെ നന്ദി. എന്റെ മകന് 2018 ഒക്ടോബറിൽ ഒരു അപകടം സംഭവിച്ചു. വളരെ സീരിയസ് ആയിരുന്നു. ചാലക്കുടി സെന്റ് ജയിംസ് ഹോസ്പിറ്റലിൽ അഡ്മിറ്റ് ആയി. ഒരു വശം തളർന്നു. ഇൻഫക്ഷൻ ബ്ലഡിൽ ആയി ന്യൂമോണിയയായി മാറി. എന്റെ സഹോദരങ്ങൾ നാലു പേരും അവരുടെ കുടുംബം മുഴുവനും കൂടി ജറുസലെം വചനകൂടാരത്തിൽ വന്ന് ജാഗരണപ്രാർത്ഥനയിൽ സംബന്ധിച്ചു. അന്ന് അസുഖം വളരെ കൂടുതലായി. കിഡ്നിയും ലിവറും ഫങ്ഷൻ നിലച്ചു. 5% ജീവൻ മാത്രമേയുള്ളൂ എന്ന് ഡോക്ടർമാർ പറഞ്ഞു. പിറ്റേദിവസം ആലുവ രാജഗിരി ഹോസ്പിറ്റലിൽ കൊണ്ടുപോയി. അവിടെ 2 മാസം വെന്റിലേറ്ററിൽ ആയിരുന്നു. ചാലക്കുടി സെന്റ് ജെയിംസിൽ നിന്ന് ഒരു മാസം കഴിഞ്ഞാണ് രാജഗിരിയിലേയ്ക്ക് കൊണ്ടു പോയത്. രണ്ടാമത്തെ മാസം ജാഗരണ പ്രാർത്ഥനയിൽ കൂടിയപ്പോൾ ട്രക്കസ്മിയ (കഴുത്തിൽ ഇട്ട ഹോൾ) മാറ്റാൻ സാധിച്ചു. മൂന്നാം മാസത്തിൽ ജാഗരണ പ്രാർത്ഥനയിൽ സംബന്ധിച്ചപ്പോൾ ഡിസ്ചാർജായി. 6 മാസം കഴിഞ്ഞ് ജോലിക്ക് പോയിതുടങ്ങി.


## പ്രാർത്ഥനാനിയോഗങ്ങൾ

**Whatsapp ചെയ്യേണ്ടനമ്പർ**
**9656 133 533**
ദിവ്യകാരുണ്യ സൗഖ്യാരാധനയിൽ
പേരുകൾ സമർപ്പിച്ച്
പ്രാർത്ഥിക്കുന്നതായിരിക്കും
6.30 pm - 8.30 pm -
Jerusalem Retreat Centre Youtube ൽ


## അത്ഭുതങ്ങളുടെ ലോകം ഇനിയും അവസാനിച്ചിട്ടില്ല



നിനക്ക് ഒരു തിൻമയും ഭവിക്കുകയില്ല, ഒരനർഥവും നിന്റെ കൂടാരത്തെ സമീപിക്കുകയില്ല. (സങ്കീ 9:10)

## കാത്തിരിപ്പിന്റെ സമ്മാനം



**അമറിയാസ് മിശിഹ,**
S/o ഏൻമേരി & നെൽസൺ,
എടപ്പാറ ഹൗസ്, കാച്ചേരി, നെല്ലിക്കുന്ന്

''കർത്താവേ, എന്റെ പ്രാർത്ഥന കേൾക്കണമേ. ചെവി ചായിച്ച് എന്റെ പ്രാർത്ഥനകളുടെ സ്വരം ശ്രവിക്കണമേ.'' ഞങ്ങളുടെ വിവാഹം കഴിഞ്ഞ് 3 വർഷം ആയിട്ടും കുട്ടികൾ ഉണ്ടായിരുന്നില്ല. ഒന്നര വർഷം ചികിത്സ ചെയ്തു. ഫലമുണ്ടായില്ല. ചികിത്സ നിർത്തി 3 മാസം കഴിഞ്ഞ് 2022 ഏപ്രിൽ മാസം ജറുസലെമിൽ വന്ന് പ്രാർത്ഥിച്ചു. പ്രാർത്ഥിച്ച ശേഷം പട്ടത്തച്ചൻ വചനവും, മധുരവും നൽകി ഞങ്ങളെ ആശീർവ്വദിക്കുകയും ഉണ്ണിയെയും കൊണ്ടു വന്ന് ജറുസലെമിലെ അൾത്താരയിൽ സാക്ഷ്യം പറയണം എന്ന് പറയുകയും ചെയ്തു. ഈശോയിൽ വിശ്വസിച്ച് പ്രാർത്ഥിച്ച് പ്രത്യാശയോടെ ജീവിതം മുന്നോട്ട് കൊണ്ടു പോകാൻ ഞങ്ങൾക്ക് സാധിച്ചു. 2023 ഫെബ്രുവരി 3ന് ഒരു ആൺകുഞ്ഞിനെ നൽകി ദൈവം ഞങ്ങളുടെ ദാമ്പത്യജീവിതത്തെ അനുഗ്രഹിച്ചു. യേശുവേ നന്ദി.

## അനന്തമായ ദൈവകൃപ



**ബീന ഫ്രാൻസിസ്,** 228, വുഡ് വ്യൂ സി. ടി.,
നാപെർവില്ലെ ഐ. എൽ. 60565

ആകാശത്തിന് കീഴിൽ മനുഷ്യരക്ഷയ്ക്കായി മറ്റൊരു നാമമില്ല; യേശുനാമമല്ലാതെ. ജറുസലെം ശുശ്രൂഷകൾ ഓൺലൈനിലൂടെ സംബന്ധിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി ഞങ്ങളുടെ ഭവനത്തിലെ രണ്ട് മക്കൾക്കും കുഞ്ഞുങ്ങളെ നൽകിയനുഗ്രഹിച്ചു. 7 കൊല്ലമായി കുഞ്ഞുങ്ങളില്ലാത്ത മൂത്ത മകന് ആൺകുഞ്ഞുണ്ടാവുകയും 3 വർഷമായി കുഞ്ഞില്ലാതിരുന്ന രണ്ടാമത്തെ മകനും കുഞ്ഞ് ഉണ്ടാകുകയും ചെയ്തു. ജറുസലെംനാഥനും നാഥയ്ക്കും ആയിരമായിരം നന്ദി പറയുന്നു. മൂത്ത മകന്റെ ആദ്യത്തെ കുഞ്ഞിന് 3 വയസ്സായപ്പോൾ വീണ്ടുമൊരു കുഞ്ഞിനെ കൂടി നൽകി ദൈവമനുഗ്രഹിച്ചു. സമൃദ്ധമായ ദൈവകൃപയ്ക്ക് ഞങ്ങൾ നന്ദിയും ആരാധനയുമേകുന്നു.

## നിലവിളിയോടെ പ്രാർത്ഥിച്ചപ്പോൾ



**റോസ്മോൾ,** പുഴയ്ക്കൽ ഹൗസ്,
പി. ഒ. ചൊവ്വൂർ

അപ്രതീക്ഷിത സംഭവങ്ങൾ ജീവിതത്തിൽ ഉണ്ടാകുമ്പോൾ മനസ്സ് പതറാതെ ദൈവത്തിലാശ്രയിച്ചാൽ നമ്മെ രക്ഷിക്കുന്ന ഒരു ദൈവം നമ്മോടൊത്തുണ്ട് എന്ന് നമുക്ക് അനുഭവിച്ചറിയാൻ സാധിക്കും. ഇന്നും ജീവിക്കുന്ന ദൈവമാണവിടുന്ന്. എന്റെ ഭാര്യയ്ക്ക് പ്രസവത്തിന്റെ സമയത്ത് ബി. പി. കൂടുകയും തുടർന്ന് ഫിറ്റ്സുണ്ടായതുകൊണ്ട് എമർജൻസി ആയി ഓപ്പറേഷൻ ചെയ്യേണ്ടിവരികയും ചെയ്തു. കുട്ടിക്ക് പ്രസവശേഷം അനക്കം ഉണ്ടാകാതിരുന്നതിനാൽ വെന്റിലേറ്ററിലേക്ക് മാറ്റി. അമ്മയും കുഞ്ഞും വെന്റിലേറ്ററിൽ ആയി. അമ്മയുടെ നില ഗുരുതരമാണെന്ന് ഡോക്ടർ പറഞ്ഞതുമൂലം ഞാനും എന്റെ വീട്ടുകാരും ജറുസലെം വചനകൂടാരത്തിൽ വിളിച്ച് പ്രാർത്ഥനാസഹായം അപേക്ഷിക്കുകയും, അമ്മയ്ക്കും കുട്ടിയ്ക്കും സൗഖ്യം ലഭിച്ചാൽ അവരെ അൾത്താരയിലെ സാക്ഷികളാക്കാം എന്ന് നിയോഗം സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തതിന്റെ ഫലമായി അൽഭുതകരമായി വെന്റിലേറ്ററിൽനിന്ന് അവരെ മാറ്റി. അമ്മയ്ക്കും കുഞ്ഞിനും സൗഖ്യം ലഭിച്ചു. ജറുസലെമിലെ അൾത്താരയിലെ സാക്ഷിയാക്കി മാറ്റിയ നല്ല ദൈവത്തിന് നന്ദിയും, സ്തുതിയും, ആരാധനയുമേകുന്നു.

## ദൈവാനുഗ്രഹത്താൽ നിറഞ്ഞപ്പോൾ



**അൽഫോൻസ റാഫേൽ,** അരിമ്പൂർ ഹൗസ്,
പി. ഒ. പുത്തൻപീടിക

ലൂക്കാ 1:38-ാം തിരുവചനം ഇപ്രകാരമാണ്: ''മറിയം പറഞ്ഞു: ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ''. ദൈവത്തോട് മുട്ടിപ്പായി പ്രാർത്ഥിച്ചപ്പോൾ ദൈവാനുഗ്രഹത്തിന്റെ നിറവ് ഞങ്ങളുടെ ഭവനത്തിലുണ്ടായി. എനിക്ക് മൂന്ന് പെൺമക്കളാണ്. ഒരു മകനില്ലാത്ത വിഷമം എനിക്ക് ഉണ്ടായിരുന്നു. കൊറോണയ്ക്ക് മുമ്പ് ഞാൻ ജറുസലെം വചനകൂടാരത്തിൽ വരികയും മക്കൾക്കുവേണ്ടിയും പല നിയോഗങ്ങൾക്കുവേണ്ടിയും പ്രാർത്ഥിച്ചിരുന്നു. മക്കളുടെ വിവാഹമെല്ലാം കഴിഞ്ഞ് അവർക്ക് മക്കളുണ്ടായപ്പോഴും ആൺകുട്ടികൾ ഉണ്ടായില്ല. അവർക്ക് ഓരോ ആൺകുഞ്ഞിനെ തന്ന് അനുഗ്രഹിക്കണമെന്ന് നിയോഗം വെച്ച് ജറുസലെം നാഥന്റെ അടുത്ത് മുട്ടിപ്പായി പ്രാർത്ഥിച്ചിരുന്നു. നാഥൻ ഞങ്ങളുടെ കുടുംബത്തിന്റെ പ്രാർത്ഥന കേട്ട് രണ്ടു മക്കൾക്ക് ഓരോ ആൺകുഞ്ഞിനെ നല്കി അനുഗ്രഹിച്ചു. യേശുനാഥന് കോടാനുകോടി നന്ദി പറയുന്നു. ധാരാളം അനുഗ്രഹങ്ങൾ തന്ന് ഞങ്ങളുടെ മക്കളെ ദൈവം അനുഗ്രഹിച്ചിട്ടുണ്ട്. വിദേശത്ത് പോകാനും ജോലി ചെയ്യാനും മക്കളെ അനുഗ്രഹിച്ചു. ഈശോയ്ക്ക് നന്ദിയും സ്തുതിയും ഏകുന്നു. ജറുസലെംനാഥനും പ്രാർത്ഥിച്ച അച്ചനും നന്ദിയേകുന്നു.

## ഞാൻ നിന്നെ രക്ഷിക്കുന്ന ദൈവമാണ്



**മേരി ജോണി,** മാങ്ങൻ ഹൗസ്, ചിറ്റിശ്ശേരി

ഏശയ്യ 43:1 ഇപ്രകാരമാണ്: ''ഭയപ്പെടേണ്ട; ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു. നിന്നെ പേരുചൊല്ലി വിളിച്ചിരിക്കുന്നു. നീ എന്റേതാണ്''. എന്റെ മകൾക്ക് പെട്ടെന്ന് ഒരു ദിവസം ശ്വാസതടസ്സം അനുഭവപ്പെട്ട് ഹോസ്പിറ്റലിൽ കൊണ്ടുപോയി. ഓക്സിജന്റെ അളവ് കുറഞ്ഞു. ടെസ്റ്റിൽ ന്യുമോണിയയും ഒപ്പം ബ്ലഡ് ക്യാൻസറും റിപ്പോർട്ട് ചെയ്തു. എറണാകുളം ആസ്റ്റർ ഹോസ്പിറ്റലിൽ വെന്റിലേറ്ററിൽ ആയി. വളരെ ക്രിട്ടിക്കൽ അവസ്ഥ ആയിരുന്നു. ന്യുമോണിയ വിടാതെ ക്യാൻസറിന് ട്രീറ്റ്മെന്റ് ചെയ്യാൻ പറ്റില്ല എന്ന് ഡോക്ടർ പറഞ്ഞു. മരണത്തെ മുന്നിൽ കണ്ടു കിടക്കുമ്പോൾ ഞങ്ങൾ വചനകൂടാരത്തിൽ വന്ന് ഈശോയോട് പ്രാർത്ഥിച്ചു. അഭിഷിക്തരെ കണ്ട് പ്രാർത്ഥനാസഹായം യാചിച്ചു. പ്രാർത്ഥനാസമയത്ത് ബഹു. പട്ടത്തച്ചൻ സന്ദേശമായി ഹോസ്പിറ്റലിൽ അത്ഭുതം നടക്കുന്നു എന്ന് പറഞ്ഞു. ആ സമയത്തുതന്നെ മകൾ ഹോസ്പിറ്റലിൽ സ്വയം ശ്വസിച്ചുതുടങ്ങി. ഓക്സിജൻ മാറ്റി ഭക്ഷണം കഴിച്ചു. ഇപ്പോൾ വാർഡിലേക്ക് മാറ്റി. ക്യാൻസറിന്റെ ടെസ്റ്റ് (ബോൺമാരോ) പരിശോധനയ്ക്കായി കൊടുത്തിട്ടുണ്ട്. റിസൽട്ട് നെഗറ്റീവ് ആകാൻ ഈശോയോട് പ്രാർത്ഥിക്കുന്നു. ഇത്രയും വലിയ അനുഗ്രഹം തന്ന ജറുസലെംനാഥനും പ്രാർത്ഥിച്ച അച്ചനും നന്ദിയേകുന്നു.

## ദൈവീകദാനം



**സിനി ബിനു,** പൈനാടത്ത് ഹൗസ്,
പൊന്നാമ്പിയോളി, കുറ്റിച്ചിറ പി. ഒ.

ദൈവത്തിന്റെ ദാനമാണ് ഓരോ കുഞ്ഞുങ്ങളും. ഉദരഫലം ഒരു സമ്മാനമാണ്. ഞാൻ രണ്ടാമത്തെ കുഞ്ഞിനെ ഗർഭിണിയായ സമയത്ത് ഏഴാം മാസത്തിൽ നടത്തിയ സ്കാനിങ്ങിൽ ഡോക്ടർ പറഞ്ഞു: കുഞ്ഞിന് തൂക്കമില്ല. 1 കിലോഗ്രാം മാത്രമേ ഉള്ളൂ. കുഞ്ഞിനെ കിട്ടാൻ ബുദ്ധിമുട്ടാണ്. കുഞ്ഞിനെ ഒരു കുഴപ്പവും കൂടാതെ ആരോഗ്യത്തോടെ തന്നാൽ വചനകൂടാരത്തിൽ വന്ന് സാക്ഷ്യം പറയാമെന്ന് നിയോഗം സമർപ്പിച്ച് പ്രാർത്ഥിച്ചു. എട്ടാം മാസത്തിൽ ഓപ്പറേഷനിലൂടെ കുഞ്ഞിനെ പുറത്തെടുത്തു. ആരോഗ്യമുള്ള ഒരു പെൺകുഞ്ഞിനെ ദൈവം ഞങ്ങൾക്ക് ദാനമായി തന്നു. നല്ല ദൈവമേനിന്റെ അനന്തനന്മകൾക്കും കൃപകൾക്കും നന്ദിയേകുന്നു. യേശുവേ സ്തുതി.

## സൗഖ്യദായകനായ ഈശോ



**ലൂസി തങ്കച്ചൻ,** തോട്ടുമാട്ടയിൽ ഹൗസ്,
പി. ഒ. കുട്ടനെല്ലൂർ

എന്റെ മകളുടെ മകൾ ഒരു ദിവസം രാത്രിയിൽ ചോര ഛർദ്ദിച്ചു. ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു. രാവിലെ അവൾക്ക് അപസ്മാരം വന്നു. നാല് മണിക്കൂർ ഐ. സി. യു.വിൽ കിടത്തി. മെഡിക്കൽ കോളേജ് ആശുപത്രിയിൽ കൊണ്ടുപോകാൻ ഡോക്ടർ നിർദ്ദേശിച്ചു. ഞങ്ങൾ കണ്ണീരോടെ ജറുസലെം വചനകൂടാരത്തിൽ വന്ന് മകളുടെ രോഗശാന്തിയ്ക്കായി പ്രാർത്ഥിച്ചു. ഈശോയുടെ സാക്ഷിയാക്കണമേ എന്ന് പ്രാർത്ഥിച്ചു. വൈദീകാശീർവ്വാദം സ്വീകരിച്ചു. മരുന്നുകൾ ഫലിച്ചു. മകൾക്ക് സൗഖ്യം ലഭിച്ചു. ''നമ്മുടെ കണ്ണീർ കാണുകയും പ്രാർത്ഥന കേൾക്കുകയും ചെയ്യുന്ന ദൈവമാണ് നമ്മുടെ ദൈവം. അവിടുന്ന് നമ്മെ സുഖപ്പെടുത്തും'' (ജോബ് 5:18). എന്റെ മകളുടെ പ്രസവസമയത്ത് കൊറോണ ബാധിച്ച്, ന്യൂമോണിയ ആയി മാറി മകൾ ഐ. സി. യു. വിൽ ആയി. മകളുടെ ജീവൻ അപകടത്തിലായി. മരണകരമായ അവസ്ഥയിലായി. മകളുടെ ജീവൻ ഗുരുതരമായ അവസ്ഥയിൽ തുടർന്നപ്പോൾ രോഗസൗഖ്യത്തിനായി ഞങ്ങൾ ജറുസലെമിൽ വന്ന് പ്രാർത്ഥിച്ചു. മകളുടെയും കുഞ്ഞിന്റെയും ജീവൻ തിരികെ തന്ന് അൾത്താരയിലെ സാക്ഷിയാക്കി മാറ്റണമെന്ന് പ്രാർത്ഥിച്ചപേക്ഷിച്ചു. പട്ടത്തച്ചൻ നൽകിയ ആശീർവ്വദിച്ച ജപമാല മകളുടെ കൈയിൽ കൊടുത്ത് ഞങ്ങൾ പരിശുദ്ധ അമ്മയോട് പ്രാർത്ഥിച്ചു. ഉണ്ണീശോയുടെ ജനനത്തിൽ അമ്മ അനുഭവിച്ച സഹനങ്ങളെ മകളുടെ രോഗാവസ്ഥയുമായി സമർപ്പിച്ച് സൗഖ്യം നൽകിയനുഗ്രഹിക്കണമെന്ന് പ്രാർത്ഥിച്ചപേക്ഷിച്ചു. പരിശുദ്ധ അമ്മയുടെ മാധ്യസ്ഥശക്തിയാൽ മകളുടെ അസുഖം കുറഞ്ഞു. മകൾ സൗഖ്യപ്പെട്ടു. ഗുരുതരമായ ഈ അവസ്ഥയിൽ മകൾക്ക് സൗഖ്യം നൽകിയത് പരിശുദ്ധ അമ്മയാണെന്ന് ഞങ്ങൾ ഉറച്ച് വിശ്വസിക്കുന്നു. ജറുസലെം നാഥനും, നാഥയ്ക്കും ആയിരമായിരം നന്ദിയേകുന്നു.



## “ഭിന്നിപ്പിക്കപ്പെട്ട രാജ്യം നിലനില്ക്കുകയില്ലെന്ന് കർത്താവ് അരുളിച്ചെയ്തിരിക്കുന്നതുപോലെ വഴക്കുള്ള തറവാട് വേഗത്തിൽ നശിക്കും.”



# പരിശുദ്ധ അമ്മ നൽകിയ അനുഗ്രഹം



**സി. ടി. ജോസ് മാസ്റ്റർ**, ചാലക്കൽ ഹൗസ്, എറവ്

ഏശയ്യ 53:9 ഇപ്രകാരമാണ്: ‘‘നീ പ്രാർത്ഥിച്ചാൽ കർത്താവ് ഉത്തരമരുളും. നീ നിലവിളിക്കുമ്പോൾ ഇതാ ഞാൻ എന്ന് അവിടുന്ന് മറുപടി തരും’’. ശക്തമായ ശ്വാസംമുട്ടൽ (ആസ്ത്മ) മൂലം വളരെയധികം ബുദ്ധിമുട്ട് അനുഭവിച്ചിരുന്ന ഞാൻ രോഗസൗഖ്യത്തിനായി എന്നും പ്രാർത്ഥിച്ചിരുന്നു. 10.02.2023ൽ വചനകൂടാരത്തിൽനിന്നും ലഭിച്ച പരിശുദ്ധ അമ്മയുടെ ചിത്രം വീട്ടിൽ കൊണ്ടുപോയി രാവിലെയും വൈകീട്ടും പ്രാർത്ഥിച്ചു. അമ്മയുടെ അനുഗ്രഹഫലമായി ശക്തമായ ശ്വാസംമുട്ടലിൽനിന്ന് എനിക്ക് ആശ്വാസം ലഭിച്ചു. പ്രാർത്ഥനയ്ക്ക് ഉത്തരമരുളിയ ഈശോയ്ക്കും അമ്മ മാതാവിനും നന്ദിയേകുന്നു.



# ദൈവത്തിൽ ആശ്രയിച്ചപ്പോൾ

**മിനി ഷാജു**, ചുള്ളിക്കാടൻ ഹൗസ്, മടവാക്കര, ചിറ്റിശ്ശേരി

‘‘ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും. അവർ കഴുകൻമാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല. നടന്നാൽ തളരുകയുമില്ല’’ (ഏശയ്യാ 40:31). എന്റെ മരുമകൻ തലകറങ്ങി വീണതിനെ തുടർന്ന് ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തു. തുടർന്നുള്ള പരിശോധനയിൽ ഹാർട്ടിന് തകരാർ ആണെന്നും ഓപ്പറേഷൻ വേണമെന്നും ഡോക്ടർ നിർദ്ദേശിച്ചു. ഞങ്ങൾ വചനകൂടാരത്തിൽ വന്ന് പ്രാർത്ഥിച്ചു. പട്ടത്തച്ചനെ കണ്ട് പ്രാർത്ഥനാസഹായം യാചിച്ചു. മരുമകന് പകരം ഞാൻ വന്ന് 11 വെള്ളിയാഴ്ച നിയോഗം വെച്ച് വിശുദ്ധ കുർബാനയിലും ആരാധനയിലും പ്രാർത്ഥിച്ചു. തിരുവനന്തപുരത്താണ് സർജറി നിശ്ചയിച്ചിരുന്നത്. ‘‘യേശുവേ അങ്ങയുടെ തിരുരക്തം കൊണ്ട് എന്നെ കഴുകി വിശുദ്ധീകരിക്കണമെ’’ എന്ന പ്രാർത്ഥന ഉരുവിട്ടു. ഓപ്പറേഷന് മുമ്പുള്ള ടെസ്റ്റിൽ ഒരു കുഴപ്പവും ഇല്ല എന്ന് ഡോക്ടർ പറഞ്ഞു. രണ്ടാമത്തെ ടെസ്റ്റിലും ഒരു കുഴപ്പവും കണ്ടെത്താൻ കഴിഞ്ഞില്ല. ഇനി മരുന്ന് കഴിച്ചാൽ മതി എന്നു പറഞ്ഞ് ഡോക്ടർ തിരിച്ചുവിട്ടു. ഓപ്പറേഷൻ ഇല്ലാതെ സൗഖ്യം നൽകിയ ഈശോയ്ക്ക് ആയിരം നന്ദിയേകുന്നു.

# മനുഷ്യർക്ക് അസാധ്യമായത് ദൈവത്തിന് സാധ്യം

**ഷിബി ഫിലിപ്പ്**, ചെന്നക്കപാടം, അഞ്ചുമൂർത്തിമംഗലം പി. ഒ.



ജൂൺ എട്ടിന് തലവേദന വന്ന് എന്റെ കണ്ണ് അടഞ്ഞുപോയിരുന്നു. ഒരു കണ്ണ് കോങ്കണ്ണായി കാഴ്ച മങ്ങിപ്പോയി. ടെസ്റ്റുകളിൽ ബ്രെയിനിൽ ഇൻഫെക്ഷൻ ആണെന്നും എന്താണ് ചെയ്യേണ്ടതെന്ന് ഡോക്ടർമാർക്ക് അറിയാത്ത സാഹചര്യത്തിൽ ഈശോ വചനമയച്ച് എന്നെ സുഖപ്പെടുത്തിയ സാക്ഷ്യം പറയാൻ ഞാൻ ജൂലൈ മാസത്തിൽ വന്നപ്പോൾ, പട്ടത്തച്ചനെ കാണുകയും തുടർന്ന് കൃപയുടെ ഭവനത്തിൽ പങ്കെടുത്ത് (7 ദിവസം നിയോഗം വച്ച്) പ്രാർത്ഥിച്ചതിന്റെ ഫലമായി എനിക്ക് (2022 ഡിസംബർ 26ന്) ഒരു കോർപ്പറേറ്റീവ് ബാങ്കിന്റെ കീഴിലുള്ള ഒരു കമ്പനിയിൽ ഓഫീസ് ജോലി ലഭിച്ചു. 15000 രൂപയായിരുന്നു സാലറി. അതിന്റെ ദശാംശം ഞാൻ ഈശോയ്ക്ക് സമർപ്പിച്ചപ്പോൾ ബഹു. അച്ചൻ നിനക്ക് ഇനിയും ഉയർച്ച ലഭിക്കും എന്ന് പറഞ്ഞു. കർത്താവ് ആഗ്രഹിക്കുന്ന രീതിയിൽ എന്നെ ഉയർത്തണമേ എന്ന് ഞാൻ എല്ലാ ദിവസവും ദിവ്യകാരുണ്യ ആരാധനയിൽ പങ്കെടുത്ത് പ്രാർത്ഥിക്കാറുണ്ടായിരുന്നു. കൺവെൻഷനിൽ ഞാൻ ഈ നിയോഗത്തിനായി പ്രാർത്ഥിച്ചു. കൃത്യം ഒരു വർഷമായപ്പോൾ ഈശോ എനിക്ക് മെയിൻ അക്കൗണ്ടന്റായി പ്രൊമോഷനും 10,000 രൂപ ശമ്പളവർദ്ധനവും നൽകി അനുഗ്രഹിച്ചു. ഈശോയുടെ അനന്തകാരുണ്യത്തിന് ഞാൻ നന്ദി പറയുന്നു. എനിക്കുവേണ്ടി പ്രാർത്ഥിച്ച ജെറുസലെം ടീമംഗങ്ങൾക്കും പരിശുദ്ധ അമ്മയ്ക്കും ഈശോയ്ക്കും ഒരുപാട് നന്ദി... സ്തുതി..

# സൗഖ്യദായകനായ ഈശോ



**രാജു കോലഞ്ചേരി**, പാറേക്കാട്ടിൽ വീട്, കറുകുറ്റി പി. ഒ., എറണാകുളം

നമ്മുടെ ഈശോ സൗഖ്യദായകനാണ്. ഏശയ്യ 59:1 ഇപ്രകാരമാണ്: ‘‘രക്ഷിക്കാൻ കഴിയാത്ത വിധം കർത്താവിന്റെ കരം കുറുകിപ്പോയിട്ടില്ല. കേൾക്കാനാവാത്തവിധം അവിടത്തെ കാതുകൾക്ക് മാന്ദ്യം സംഭവിച്ചിട്ടില്ല’’. ബ്രെയിൻ സ്ട്രോക്ക് വന്ന് വലതുവശം തളർന്ന് കിടപ്പിലായ എന്നെ കർത്താവ് സുഖപ്പെടുത്തി. 2021–ൽ ബ്രെയിൻ സ്ട്രോക്ക് ഉണ്ടായി. ഷുഗർ ഉണ്ടായിരുന്നു. ഷുഗറിന്റെ മരുന്ന് മാത്രമേ തന്നിരുന്നുള്ളൂ. എന്നെ സുഖപ്പെടുത്താൻ കഴിവുള്ള ജറുസലെം നാഥനെ വിളിച്ച് അപേക്ഷിച്ച് സാവധാനം നടക്കാൻ തുടങ്ങി. ഇന്ന് ഒമ്പതാം ആഴ്ചയാണ്. സാക്ഷ്യപ്പെടുത്താമെന്ന് നിയോഗം വെച്ച് പ്രാർത്ഥിച്ചപ്പോൾ എനിക്ക് പൂർണ്ണ സൗഖ്യം കിട്ടി.

# സുഖപ്പെടുത്തിയ കർത്താവ്



**സിസിലി ഔസേപ്പ്**, വെളിയത്ത് ഹൗസ്, പോട്ട

‘‘കർത്താവിനെ ഞാൻ എന്നും പുകഴ്ത്തും. അവിടുത്തെ സ്തുതികൾ എപ്പോഴും എന്റെ അധരങ്ങളിലുണ്ടായിരിക്കും’’ (സങ്കീ. 34:1). എന്റെ അനുജത്തിയ്ക്ക് ബ്രെസ്റ്റിൽ ക്യാൻസർ വന്ന് ഗുരുതരാവസ്ഥയിൽ തുടർന്നപ്പോൾ ജറുസലെമിൽ വന്ന് പട്ടത്തച്ചനെ കണ്ട് പ്രാർത്ഥിച്ചു. അതിനുശേഷം വെല്ലൂരിൽ പോയി ഓപ്പറേഷൻ ചെയ്തു. ഇപ്പോൾ 12 വർഷമായി. മൂന്ന് മാസം, ആറ് മാസം, ഒരു വർഷം, രണ്ട് വർഷം ഇങ്ങനെ തുടർച്ചയായി ചികിത്സകൾ നടന്നു. ഇപ്പോൾ അവസാനമായി ചികിത്സകൾ ഒന്നും തന്നെ ഇല്ല. എല്ലാം സുഖമായിരിക്കുന്നു. ദൈവമേ നന്ദി. ദൈവമേ സ്തോത്രം.

# കരുണയുള്ള കർത്താവ്



**ഷീബ തോമസ്**, ചാതേലി ഹൗസ്, ചങ്ങല ഗേറ്റിനു സമീപം, ആളൂർ പി. ഒ.

നമ്മുടെ കർത്താവ് കരുണാമയനാണ്. ‘‘തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരുടെയും മേൽ അവിടുന്ന് തന്റെ സമ്പത്ത് വർഷിക്കുന്നു’’ (റോമാ 10:16). എന്റെ മകൾക്ക് യു. കെ. യിലേക്ക് പോകുവാനുള്ള വിസ ലഭിച്ചു. എന്നാൽ ആദ്യ ഇന്റർവ്യൂവിൽ അവൾ റിജക്റ്റ് ആയി. ഞാനും മകളും ഇവിടെവന്ന് പട്ടത്തച്ചനെ കണ്ടു. ബ്ലസിങ്ങ് സ്വീകരിച്ചു. എല്ലാം ശരിയാകും എന്ന് അച്ചൻ പറഞ്ഞു. രണ്ടാമത്തെ ഇന്റർവ്യൂവിൽ മകൾ പാസ്സായി. എല്ലാ തടസ്സവും മാറി മകനും മകൾക്കും യു. കെ. യിലേക്ക് പോകാൻ സാധിച്ചു. ദൈവാനുഗ്രഹത്താൽ ജോലിയും ലഭിച്ചു. എന്റെ സഹോദരന്റെ വീട് വിൽക്കാൻ ഞാൻ നിയോഗം വെച്ച് പ്രാർത്ഥിച്ചു. പല തടസ്സങ്ങളും ഉണ്ടായിരുന്നു. എന്നാൽ പരിശുദ്ധ അമ്മയുടേയും ഈശോയുടേയും അനുഗ്രഹം കൊണ്ട് തടസ്സമെല്ലാം മാറ്റി വിൽപ്പന നടന്നു. ഞങ്ങളെ ദൈവം അനുഗ്രഹിച്ചു. അതുപോലെ നിരവധി അനുഗ്രഹങ്ങൾ എനിക്ക് നൽകിയതിന് ദൈവത്തിന് ആയിരം നന്ദി.



# ഭവനം നൽകി അനുഗ്രഹിച്ചു

**മണിഉണ്ണിചെക്കൻ**, കുന്നത്ത് ഹൗസ്, മരോട്ടിച്ചാൽ

‘‘കർത്താവേ, ഞാൻ അവിടുത്തെ ദാസനാണ്. അവിടുത്തെ ദാസനും അവിടുത്തെ ദാസിയുടെ പുത്രനും തന്നെ’’. (സങ്കീ. 116:16). വർഷങ്ങളായി നിയോഗം സമർപ്പിച്ച് പ്രാർത്ഥിച്ച കാര്യങ്ങൾ ദൈവമെനിക്ക് നടത്തിത്തന്നു. ഒന്നര വർഷമായി മകൾക്ക് ഒരു ഭവനത്തിനുവേണ്ടി നിയോഗം വെച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി കർത്താവ് മകൾക്ക് ഒരു ഭവനം തന്ന് അനുഗ്രഹിച്ചു. കൂടാതെ മകൾക്ക് ജോലി ലഭിച്ചു. കുടിക്കാൻ വെള്ളമില്ലാതെ വിഷമിച്ച ഞങ്ങൾക്ക് നിയോഗപ്രാർത്ഥനയുടെ ഫലമായി കുഴൽകിണർ കുത്തിയപ്പോൾ സമൃദ്ധമായി ജലം ലഭിച്ചു. ദൈവമേ നന്ദി.

# കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല

**റിക്സി ജോയ്**, ചിറയത്ത് ഹൗസ്, നടത്തറ പി. ഒ.



‘‘കർത്താവിന്റെ സ്നേഹം ഓരോ പ്രഭാതത്തിലും പുതിയതാണ്’’. ഓരോ പ്രഭാതത്തിലും ഞാൻ ആ കാരുണ്യവും സ്നേഹവും അനുഭവിച്ചറിയുകയാണ്. ദൈവമേ നിനക്ക് നന്ദി. വിദേശത്ത് ഒരു ജോലി ലഭിക്കണമെന്ന നിയോഗത്തോടു കൂടിയാണ് ജറുസലെം ശുശ്രൂഷകളിൽ പങ്കെടുത്ത് പ്രാർത്ഥിക്കാൻ ആരംഭിച്ചത്. പരിശുദ്ധ കുർബ്ബാനയും ആരാധനയും എന്നിൽ ആത്മവിശ്വാസം നിറച്ചു. വിശുദ്ധ കുർബ്ബാനമദ്ധ്യേ പട്ടത്തച്ചൻ പറഞ്ഞ വചനം ഏശയ്യാ 43: 2, 3 എന്ന വചനം 33 പ്രാവശ്യം 33 ദിവസം ഞാൻ എഴുതി പ്രാർത്ഥിച്ചു. അങ്ങനെ എനിക്ക് മാൾട്ടയിൽ ജോലി ലഭിച്ചു. തുടർന്നും വചനമെഴുതി ദൈവത്തെ സ്തുതിച്ചപ്പോൾ മാൾട്ടയിൽനിന്നും യു. കെ. യിലേയ്ക്ക് ജോലി നൽകി ദൈവമെന്നെ അനുഗ്രഹിച്ചു. ഇത്രയും അനുഗ്രഹങ്ങൾ തന്ന് അനുഗ്രഹിച്ച ജറുസലെം നാഥനോടും പരിശുദ്ധ മാതാവിനോടും നന്ദി പറയുന്നു. കർത്താവിന്റെ സ്നേഹം ഓരോ പ്രഭാതത്തിലും പുതിയതാണെന്ന് ഞാൻ ഏറ്റുപറയുന്നു.



# പ്രാർത്ഥന ശ്രവിച്ച ദൈവം

**സിസിലി സി. എഫ്.**, നീലങ്കാവിൽ ഹൗസ്, മണലിത്തറ പി. ഒ., മലാക്ക, മച്ചാട്

ഞാൻ മൂന്ന് മാസം അര മണിക്കൂർ ബൈബിൾ വായിച്ചതിന്റെ ഫലമായി എന്റെ മകൻ ഓയിൽ ഗ്യാസ് എന്ന ഒരു കോഴ്സ് പഠിക്കുകയും ജോലിക്കായി മൂന്ന് മാസത്തെ വിസയെടുത്ത് അബുദാബിയിലേയ്ക്ക് പോകുകയും ചെയ്തു. പല ഇന്റർവ്യൂകളിലും പങ്കെടുത്തെങ്കിലും ഒന്നും ശരിയായില്ല. തിരികെ പോരാൻ ഒമ്പത് ദിവസം ബാക്കി നിൽക്കേ അവൻ ഒരു ഇന്റർവ്യൂ കൂടി പങ്കെടുത്തു. അതിൽ അവനെ തിരഞ്ഞെടുത്തു. എല്ലാ ടെസ്റ്റിലും വിജയിച്ചു. ജോലി ശരിയായി. ഈ സമയത്തെല്ലാം ഞാൻ ജറുസലെമിൽ വെള്ളിയാഴ്ചകളിലെ ശുശ്രൂഷകളിൽ പങ്കെടുത്ത് മകന് ഒരു ജോലി ശരിയാകുവാൻ പ്രാർത്ഥിച്ചിരുന്നു. സാക്ഷ്യം പറയാനും നിയോഗം സമർപ്പിച്ചിരുന്നു. പ്രാർത്ഥന കേട്ട് ജോലി നൽകിയ ദിവ്യകാരുണ്യ ഈശോയ്ക്ക് നന്ദിയേകുന്നു.

# സമൃദ്ധമായി ഒഴുകിയ ദൈവകൃപ



**റോസിലി ജോർജ്ജ്**, മോസസ് ഹൗസ്, പി. ഒ. വരന്തരപ്പിള്ളി, പള്ളിക്കുന്ന്

‘‘എന്റെ ദൈവം തന്റെ മഹത്വത്തിന്റെ സമ്പന്നതയിൽനിന്ന് ഈശോമിശിഹാവഴി നിങ്ങൾക്ക് ആവശ്യമുള്ളതെല്ലാം നൽകും’’ (ഫിലി 4:10). സമൃദ്ധമായി ലഭിച്ച ദൈവകൃപയാണ് എന്റെ സാക്ഷ്യം. എന്റെ രണ്ടാമത്തെ മകന്റെ വിവാഹം 23–ാം വയസ്സിൽ നടന്നു. എന്നാൽ മൂത്ത മകന് വിവാഹം ആലോചിച്ചിട്ടും 36 വയസ്സുവരെ വിവാഹം നടന്നില്ല. ഞാൻ ജറുസലെമിൽവന്ന് പട്ടത്തച്ചനെ കണ്ട് പ്രാർത്ഥിച്ചു. 37 വെള്ളിയാഴ്ചകളിൽ മുടങ്ങാതെ നിയോഗം വെച്ച് പ്രാർത്ഥിച്ചു. വിയ മരിയായിൽ മുട്ടുകുത്തി ഇഴഞ്ഞ് പ്രാർത്ഥിക്കുകയും ചെയ്തതിന്റെ ഫലമായി വിവാഹം മംഗളമായി നടന്നു. രണ്ടാമതായി മകന് വീടില്ലാതെ ജറുസലെമിൽ വന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി ഇടവകപള്ളിയിൽ നിന്നും ഒരു വീട് പണിതുതന്നു. ഇത്രയും അനുഗ്രഹം തന്ന ജറുസലെംനാഥനും നാഥയ്ക്കും നന്ദി.



# വിവാഹം മംഗളകരമായി

**റെജീന ഡേവിസ്**, പള്ളിപ്പുറം ഹൗസ്, കുറാഞ്ചേരി, കിണാലൂർ പി. ഒ.

എന്റെ ചേച്ചിയുടെ മകന് വിവാഹം ആലോചിച്ച് മൂന്ന് വർഷമായി ഒന്നും ശരിയായില്ല. കഴിഞ്ഞ വർഷം ആറു മാസം ലീവ് എടുത്ത് വീട്ടിലേക്ക് വന്ന് വിവാഹം ആലോചിച്ചെങ്കിലും പലവിധ തടസ്സങ്ങൾ ഉണ്ടായി. ഞങ്ങൾക്കെല്ലാവർക്കും വലിയ സങ്കടമായി. വിവാഹതടസ്സം മാറ്റാൻ ഞങ്ങൾ ഈശോയോട് പ്രത്യേക നിയോഗത്തോടെ പ്രാർത്ഥിച്ചു. അവൻ തിരികെ ജോലിക്ക് പോകുന്നതിന്റെ നാല് ദിവസം മുൻപ് അവന്റെ കൂട്ടുകാരന്റെ ഭാര്യയുടെ നിർദ്ദേശപ്രകാരം ഒരു പെൺകുട്ടിയെ കാണാൻ പോകുകയും ഇഷ്ടപ്പെടുകയും ചെയ്തു. ഞാൻ ജെറുസലെമിൽ വെള്ളിയാഴ്ചകളിൽ നിയോഗത്തോടെ പങ്കെടുക്കുകയും കരുണയുടെ കൊന്തയിൽ സംബന്ധിക്കുകയും ചെയ്തതിന്റെ ഫലമായി വിവാഹം മംഗളകരമായി നടന്നു.



**കാത്തലിക്ക് ടീച്ചേഴ്സ് ഗിൽഡ്**
**തൃശ്ശൂർ അതിരൂപതയുടെ**
**ബെസ്റ്റ് ടീച്ചർ**
**അവാർഡിന് അർഹയായ**
**സിനി ജോൺസന്**
**(ദൈവരാജ്യം എഡിറ്റോറിയൽ ടീം മെമ്പർ)**
**ജറുസലെം വചന കൂടാരത്തിന്റെ**

**അഭിനന്ദനങ്ങൾ... പ്രാർത്ഥനാശംസകൾ...**

# ധന്യമീ ജീവിതങ്ങൾ



സിനി ജോൺസൻ



ലോകപാപങ്ങളുടെ പരിഹാരാർത്ഥം ഗാഗുൽത്തായിൽ കുരിശുമരണം വരിച്ച യേശുക്രിസ്തുവിന്റെ ഉത്ഥാനം മാനവരാശിയ്ക്ക് പകർന്നേകിയത് പുതുജീവനായിരുന്നു, പ്രത്യാശയായിരുന്നു. അഗാധങ്ങളിലേയ്ക്ക് ഊർന്നുപോയ ജീവിതങ്ങൾക്കും, നിരാശയിൽ അകപ്പെട്ടവർക്കും, ദു:ഖിതർക്കും, ആലംബഹീനർക്കും, യേശുക്രിസ്തുവിന്റെ ഉത്ഥാനം പുതുജീവനും, പ്രത്യാശയുമായി മാറി. ലോകജനതയ്ക്ക് സന്തോഷത്തിന്റെ ഉയിർപ്പുതിരുന്നാളായി. ഈശോയുടെ ഉയിർപ്പ് ലോകത്തിന് മുന്നിൽ അൽഭുതവും, ആകാംക്ഷയും ഉയർത്തിയത് എന്തുകൊണ്ടാകും? ഈശോയുടെ ജീവിതവും മരണവും ഉത്ഥാനവും സത്യമായിരുന്നു. ഈശോ വഴിയും സത്യവും ജീവനുമായിരുന്നു. വഴിയും സത്യവും ജീവനുമായ യേശുക്രിസ്തു എന്ന ദൈവമനുഷ്യനിൽ സത്യത്തിന്റെ ഉന്നതരൂപം ദർശിക്കുകയും അടുത്തനുഗമിക്കുകയും ചെയ്യുന്നവരാണ് ക്രൈസ്തവരും, സന്യസ്തരും. യേശുക്രിസ്തുവിനോട് ചേർന്ന് നിൽക്കുന്നതാണ് നമ്മുടെ സ്വാതന്ത്ര്യവും. ആർത്തരേയും, അനാഥരെയും മാനസിക വെല്ലുവിളി നേരിടുന്നവരെയും നെഞ്ചോട് ചേർക്കാൻ സന്യാസിനികൾക്കും, വൈദികർക്കും സാധിക്കുന്നുണ്ടെങ്കിൽ ക്രൂശിതനിൽ നിന്ന് ലഭിക്കുന്ന ശക്തി തന്നെയാണ് അതിന് കാരണം. തിരുസഭയുടെ ഹൃദയമായ സന്യസ്തരെ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ അധിക്ഷേപിക്കുമ്പോൾ, ഈശോയുടെ ശിരസ്സിലെ മുൾമുടിയിൽ നിന്നും ഇറ്റിറ്റുവീഴുന്ന ചോരതുള്ളികളുടെ ഗാഗുൽത്തകൾ വീണ്ടും ആവർത്തിക്കുകയാണ്. കേരളത്തിന്റെ ആതുരസേവനരംഗത്തും വിദ്യാഭ്യാസ - സാമൂഹിക - സാംസ്കാരിക രംഗങ്ങളിലും ക്രൈസ്തവ മിഷനറിമാരും, വൈദികരും സന്യസ്തരും ചെയ്തിട്ടുള്ള സേവനങ്ങളാണ് ലോകഭൂപടത്തിൽ കേരളമെന്ന കൊച്ചുരാജ്യം ഉയർന്നുനിൽക്കാനുള്ള ഒരു കാരണമെന്ന് നമ്മൾ മറന്നുപോകരുത്. സമൂഹം അവഗണിക്കുന്ന വൃദ്ധരേയും, അനാഥരേയും സ്വന്തമെന്ന് കരുതണമെങ്കിൽ, അവരെ ശുശ്രൂഷിക്കണമെങ്കിൽ ഉള്ളിൽ യേശുസ്നേഹം നിറയണം. പെരിങ്ങണ്ടൂരിലെ പോപ്പ് പോൾ മേഴ്സി ഹോം കണ്ടാൽ അവിടുത്തെ സിസ്റ്റേഴ്സിന്റെ വൈദികരുടെ സ്നേഹപരിചരണങ്ങൾ നമ്മുടെ കണ്ണുകളെ ഈറനണിയിക്കാറില്ലേ?

ഒന്നും രണ്ടും മക്കൾ മാത്രമുള്ള ഭവനങ്ങളിൽനിന്ന് പലരും സാമ്പത്തികാഭിവൃദ്ധിയിൽ നിന്ന് സ്വതന്ത്രമനസ്സോടെയും, ദൃഢനിശ്ചയത്തോടെയും തിരഞ്ഞെടുത്ത സന്യസ്തജീവിതത്തെ അധിക്ഷേപിക്കുമ്പോൾ ദൈവജനത്തിന് ബലിയായിത്തീരാൻ മക്കളെ ദാനമായി നൽകിയ മാതാപിതാക്കളെ ഓർത്ത് ദൈവസന്നിധിയിൽ നന്ദിപറയാം നമുക്ക്. ബലഹീനരായ ഒന്നോ രണ്ടോ പേരുടെ സന്യസ്തജീവിതമല്ല നമുക്ക് ആലംബം. എവിടെയെങ്കിലും ഒരാൾക്കു തെറ്റുപറ്റിയതിന്റെ പേരിൽ ആ മേഖലയിലുള്ള എല്ലാവരും അങ്ങനെയുള്ളവരാണെന്നു കരുതുന്നതും ശരിയല്ല. മറ്റുള്ളവർക്ക് ഒരുപാട് നന്മകൾ ചെയ്യുന്ന സന്യസ്തരെ പരസ്യമായി അവഹേളിക്കുന്ന തരത്തിലുള്ള കലകൾ, നാടകമായാലും, സിനിമയായാലും, മാധ്യമ ചർച്ചകളായാലും പ്രോത്സാഹിപ്പിക്കുന്നതും, കൂട്ടുനിൽക്കുന്നതും പുനർവിചിന്തനം ചെയ്യേണ്ടതുണ്ട്. അത്രമേൽ ധന്യമാണ് ഈ ജീവിതങ്ങൾ. തിരുസഭയുടെ ഹൃദയമായ വിശുദ്ധരായ വൈദീകരേയും, സന്യാസിനികളേയും ഓർത്ത് ദൈവസന്നിധിയിൽ നന്ദി പറയാം.

സത്യം, നന്മ, സൗന്ദര്യം ഇവയെല്ലാം ആത്യന്തികമായി ദൈവീകമാണ്, ആത്മീയമാണ്. ആന്തരിക സൗന്ദര്യം ദർശിക്കാൻ സാധിക്കുന്നവർ സത്യത്തിന്റെയും, നന്മയുടെയും പാതയിൽ ചരിക്കുന്നവരാണ്. സത്യത്തോട് കൂറ് പുലർത്താത്ത കലാസൃഷ്ടികൾ സമൂഹത്തിന് ഒരിക്കലും വെളിച്ചം പകരില്ല. അതിനാൽ ആവിഷ്ക്കാര സ്വാതന്ത്ര്യം അതിരുവിടുന്ന കലാസൃഷ്ടികൾക്കെതിരെ നാം ജാഗരൂകരായിരിക്കണം. രസിപ്പിക്കുന്ന പല സൃഷ്ടികളിലും സത്യവും, നന്മയും ഉണ്ടാകുന്നില്ല എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. പ്രതികരിക്കില്ല എന്ന മനോഭാവത്തിൽ അവതരിപ്പിക്കുന്ന കലാസൃഷ്ടികളെ അർഹിക്കുന്ന അവഗണനയോടെ തള്ളിക്കളയാനുള്ള മാധ്യമസംസ്ക്കാരം നാം രൂപപ്പെടുത്തണം. അപരന്റെ സ്വാതന്ത്ര്യത്തിനുമേലുള്ള കടന്നുകയറ്റമാകാതിരിക്കട്ടെ നമ്മുടെ കലാസൃഷ്ടികൾ. പ്രത്യാശയുടെ പുതുജീവിതം മാനവലോകത്തിനായി ഏകിയ യേശുക്രിസ്തുവായിരിക്കട്ടെ നമ്മുടെ മാർഗ്ഗദീപം. കാൽവരിയിലെ കുരിശുമരണവും, ഉത്ഥാനവും നൽകുന്ന പ്രത്യാശ നമ്മെ മുന്നോട്ട് നയിക്കട്ടെ. ഉത്ഥാനത്തിന്റെ മംഗളങ്ങൾ ഏവർക്കും ഏകുന്നു.

## ജറുസലെമിൽ നടന്ന മഹാകുരിശിന്റെ വഴിയിൽ നിന്നും...




### ജറുസലെം ശുശ്രൂഷകൾ ഏപ്രിൽ 2023

| | | |
|---|---|---|
| 1 | രോഗശാന്തി ശുശ്രൂഷ, ഗർഭിണികളുടെ പ്രാർത്ഥന, അമ്മയും കുഞ്ഞും ശുശ്രൂഷ | (9.30 am - 1.00 pm) |
| 4 – 8 | പീഡാനുഭവധ്യാനം | (9.00 am) |
| 15 | ദൈവകരുണയുടെ തിരുനാൾ ഒരുക്കം | (5 pm - 9.30 pm) |
| 16 | കുഞ്ഞുങ്ങളില്ലാത്ത ദമ്പതികളുടെ പ്രാർത്ഥന | (9.30 am - 1.00 pm) |
| 19 – 23 | INTERNATIONAL MISSION CONGRESS 2023 | |
| 25 – 26 | ഉപവാസ വിടുതൽ ധ്യാനം | (09.00 am) |
| 27 – 30 | ആത്മാഭിഷേക ധ്യാനം (തമിഴ്) | (4.00 pm) |
| | തൊഴിലാളികളുടെ പ്രാർത്ഥന (വ്യാഴാഴ്ചകളിൽ) | (06.30 pm - 08.00 pm) |
| | ജപമാല പ്രദക്ഷിണം (ഞായറാഴ്ചകളിൽ) | (05.15 pm- 06.15 pm) |
| | To be with Jesus യുവജനങ്ങളുടെ പ്രാർത്ഥന (ശനിയാഴ്ചകളിൽ) | (06.30 pm - 09.30 pm) |
| | ദിവ്യകാരുണ്യ സൗഖ്യാരാധന (എല്ലാ ദിവസവും) | (06.30 pm - 08.30 pm) |

Jerusalem Retreat Centre You Tube Channelൽ
https://www.youtube.com/c/JerusalemRetreatCentre

**എല്ലാ വെള്ളിയാഴ്ചയും**
**പൊതു പ്രാർത്ഥനാ ദിനമായിരിക്കും** (8.30 a.m. - 3.30 p.m.)

**PRAYER LINE**
എല്ലാ ദിവസവും രാത്രി 9.30 ന്
ബഹു. ഡേവീസ് പട്ടത്തച്ചൻ
നേതൃത്വം നൽകുന്നു
Access code : 3321285#
Call in : 8929 700 137





**ജറുസലെം ശുശ്രൂഷകളെ സഹായിക്കാൻ ആഗ്രഹിക്കുന്നവർ**
JERUSALEM RETREAT CENTRE
A/c. No. 0309 0381 9770 195 001
CSB Bank LTD, Thalore Branch
IFSC : CSBK 0000309
Swift code: CSYBIN 55
UPI id: jerusalemre.20077@csbpay
അക്കൗണ്ടിലൂടെ പണം അയക്കുന്നവർ
ഈ നമ്പറിലേക്ക് [+91 8304 069 046 ]
അഡ്രസ്സ് വാട്സ്ആപ്പ് ചെയ്യണേ

കാണാം... പങ്കുവെയ്ക്കാം...

**ഈശോയുടെ കൂടെ**
TO BE WITH JESUS [FOR YOUTH]
ഫാ. സിജോ തയ്യാലക്കൽ CMI

**ദിവ്യകാരുണ്യ സൗഖ്യ ആരാധനയും അനുഗ്രഹ ജപമാലയും**
ഫാ. ദേവസ്യ കാനാട്ട് CMI
https://www.youtube.com/jerusalemretreatcentrelive/live





**ദൈവകൃപയും കൃപയുടെ ഭവനവും**
https://www.youtube.com/jerusalemretreatcentrelive/live
പട്ടത്തച്ചൻ CMI

**സഹനപ്പൂക്കൾ**
https://www.youtube.com/jerusalemretreatcentrelive/live
പട്ടത്തച്ചൻ CMI


